# യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

## മുഖവുര

സ്നേഹത്തിന്റെ അപ്പൊസ്തലനായിരുന്ന യോഹന്നാൻ വിശ്വാസികളെ ദുരുപദേശത്തിന്റെ സ്വാധീനത യിൽനിന്നും വിടുവിക്കുവാനും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറപ്പിക്കുവാനുമായി എഴുതിയ ലേഖന മാകുന്നു ഇത്. അന്ന് സഭയിൽ ജ്ഞാനവാദം, ഡോസിറ്റിക് വാദം മുതലായ ചിന്താഗതികൾ കടന്നുകൂടിയിരുന്നു. ക്രിസ്തു വിന്റെ ആളത്വത്തെക്കുറിച്ച് സംശയം ദൈവജനത്തിന്റെ മദ്ധ്യത്തിൽ സൃഷ്ടിക്കുക എന്നതായിരുന്നു ഈ ദുരു പദേഷ്ടാക്കന്മാരുടെ ലക്ഷ്യം. ദൈവം പരിശുദ്ധനും പദാർത്ഥം (ലോകം) അശുദ്ധവു മാകയാൽ ദൈവത്തോട് മനുഷ്യന് നേരെ ബന്ധപ്പെടാൻ കഴിയുന്നതല്ല. അതിനു ദൂതന്മാർ മദ്ധ്യസ്ഥന്മാരായി സേവിക്കുന്നു. അവരോട് ബന്ധപ്പെടുവാൻ നിഗൂഢജ്ഞാനം ആവശ്യമാണ്. ഈ ജ്ഞാനം ഇല്ലാത്തവർക്ക് ദൈവത്തോട് ബന്ധപ്പെടുവാൻ കഴിയുന്നതല്ല എന്ന് അവർ പഠിപ്പിച്ചിരുന്നു. പ്രവൃ ത്തികൾ ആത്മാവിനോട് ബന്ധപ്പെടാത്തതിനാൽ പാപം എന്നൊ ന്നില്ല എന്നു നോസ്റ്റിക്കുവാദികൾ വാദിച്ചു. അതായത് ക്രിസ്തുവിനു മാത്രം ആരെയും രക്ഷിക്കുവാൻ കഴിയുന്ന തല്ല എന്നതായിരുന്നു അവരുടെ പഠിപ്പിക്കൽ. ഡോസിറ്റിക് തത്വചിന്തകന്മാർ ക്രിസ്തു കേവലം മായക്കാഴ്ച മാത്രമായിരുന്നു എന്ന് വാദിച്ചിരുന്നു. കൂടാതെ സെറിന്തസ് ചിന്താഗതികളും അന്നു വ്യാപിച്ചിരുന്നു. യേശു ഒരു സാധാരണ മനുഷ്യൻ മാത്രമായിരുന്നു. സ്നാനവേളയിൽ പരിശുദ്ധാത്മാവ് തന്റെ മേൽ വന്നു. എന്നാൽ ക്രൂശുമ രണത്തോടുകൂടെ ആത്മാവ് തന്നെ വിട്ടുപോകയും ചെയ്തു എന്ന് അവർ പഠിപ്പിച്ചു. ഈ സാഹചര്യത്തിലാണ് ക്രിസ്തുവിന്റെ മഹത്വം ദർശിച്ചിരുന്ന യോഹന്നാൻ മേലുദ്ധരിച്ച ദുരുപദേശങ്ങളെ ഖണ്ഡിച്ചുകൊണ്ട് യേശു ദൈവ പുത്രനായ ക്രിസ്തുവാകുന്നു എന്ന് സ്ഥാപിക്കുവാൻ ഈ ലേഖനം എഴുതിയത്.

യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യാവതാരത്തെയും നിഷേധിക്കുന്ന ദുരുപദേശങ്ങൾ ദൈവജ നത്തിന്റെ മദ്ധ്യത്തിൽ സന്തോഷരാഹി ത്യവും അധാർമ്മികതയും ഉണ്ടാകുവാൻ കാരണമായി. അവർ സ്വയം വഞ്ചിക്കപ്പെട്ടു (1:6,8). തെറ്റിപ്പോകുന്നവരായി (2:26). സഹോദരന്മാരെ സ്നേഹിക്കാത്തവരായി (2:9). അവർ യഥാ സ്ഥാനപ്പെടുവാൻ ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശത്തിൽ സ്ഥിരതയുള്ളവരാകുവാൻ ഈ ലേഖനത്തിൽ പ്രബോ ധിപ്പി ക്കുന്നു.

ലേഖന കർത്താവ് അപ്പൊസ്തലനായ യോഹന്നാൻ ആകുന്നു എന്ന് പൊതുവെ അംഗീകരിക്കുന്നു. എ.ഡി. 90 ൽ എഫെസൊസിൽനിന്നും ഈ

ലേഖനം എഴുതി എന്നു വിശ്വസിക്കുന്നു. ക്രിസ്തുസഭയ്ക്കു മൊത്തത്തിലുള്ള ഒരു ലേഖനമാണ് ഇത്.

### ലേഖന വിഭജനം

മുഖവുര (1:1-4)
ദൈവിക കൂട്ടായ്മയുടെ നിബന്ധനകൾ (1:5-2:8)
കൂട്ടായ്മയ്ക്കുള്ള തടസ്സങ്ങൾ (2:9-28)
കൂട്ടായ്മയും സ്നേഹവും (2:29-4:21)
കൂട്ടായ്മയും രക്ഷാനിർണ്ണയവും (5:1-21)

**അദ്ധ്യായം 1**

### മുഖവുര (1:1-4)

യോഹന്നാൻ അപ്പൊസ്തലൻ ക്രിസ്തുവിനെക്കുറിച്ച് അനുഭവജ്ഞാന മുള്ളവനായിരുന്നു. ക്രിസ്തുവിന്റെ ആദ്യശിഷ്യന്മാരിൽ ഒരുവനും അവന്റെ മഹത്വം ദർശിച്ചവനുമായിരുന്നു യോഹന്നാൻ. ക്രിസ്തു ജീവന്റെ വചനം ആണെന്നു മനസ്സിലാക്കി അവനെ അനുഗമിക്കുവാൻ തനിക്കു കഴിഞ്ഞിരുന്നു. ക്രിസ്തു ആദിയിൽ ഉണ്ടായിരുന്ന വചനമാണ്. ആ വചനം കൃപയും സത്യവും നിറഞ്ഞവനായി ജഡത്തിൽ വെളിപ്പെട്ടതു കണ്ടവനാണ്. പിതാവായ ദൈവ ത്തെ വെളിപ്പെടുത്തിയ ദൈവപുത്രനായിട്ടു ക്രിസ്തുവിനെ മനസ്സിലാക്കുവാൻ യോഹന്നാന് പദവി ലഭിച്ചി രുന്നു (യോഹ. 1:1,14,18). അത് വിശ്വസിച്ച് പാപികൾ രക്ഷിക്കപ്പെടേണ്ടതിനാണ് യോഹന്നാൻ തന്റെ സുവിശേഷം എഴു തിയത് (യോഹ. 20:31). അങ്ങനെ രക്ഷിക്കപ്പെട്ടവർ ക്രിസ്തു ദൈവപുത്രൻ എന്ന് അറിഞ്ഞു രക്ഷാനിർണ്ണയം ഉള്ളവരാകുവാനാണ് ഈ ലേഖനം എഴുതിയിരിക്കുന്നത് (5:13). കൂടാതെ ആ അറിവ് മൂലം അവർ അപ്പൊസ്തല ന്മാരോടു കൂട്ടായ്മ ഉള്ളവരാകണം എന്ന് യോഹന്നാൻ ആഗ്രഹിക്കുന്നു. അപ്പൊസ്തലന്മാർ പിതാവിനോടും യേശുക്രിസ്തുവിനോടും കൂട്ടായ്മ ഉള്ളവരായിരുന്നു. രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിനോടുള്ള കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവരാണ് (1 കൊരി. 1:9). ആ കൂട്ടായ്മയാണ് അന്യോന്യമുള്ള കൂട്ടായ്മയുടെ അടിസ്ഥാനം. കൂട്ടായ്മ

എന്ന വാക്കിന്റെ അർത്ഥം സഖിത്വം, ഐക്യം, പങ്കിടൽ എന്നത്രെ. ഇത് ദൈവത്തോടും ദൈവമക്കളോടുമുള്ള സംസർഗ്ഗത്തെ കാണിക്കുന്നു.

ആത്മീയ കൂട്ടായ്മ വികാരപരമല്ല. ക്രിസ്തുവിന്റെ മരണപുനരുത്ഥാന ത്തോടുള്ള ബന്ധമാണ് അതിന്റെ അടിസ്ഥാനം. ആദ്യനൂറ്റാണ്ടിലെ വിശ്വാ സികൾ കൂട്ടായ്മ ആചരിച്ചിരുന്നു (പ്രവൃ. 2:42). സുവിശേഷവേലയിലും ഭൗതിക ആവശ്യങ്ങളിലും അത് പ്രകടമായിരുന്നു. കൂട്ടായ്മ ആചരിക്കുന്നത് അന്യോന്യമുള്ള സ്നേഹത്തിന്റെ തെളിവാകുന്നു. അപ്പോൾ നാം ക്രിസ്തുവിന്റെ സാക്ഷികൾ എന്ന് അറിയപ്പെടും. മനുഷ്യനായി അവതരിച്ച ക്രിസ്തുവിനോടുള്ള കൂട്ടായ്മ നമ്മെ സന്തോഷം ഉള്ളവരാക്കും. ഈ ലേഖനം നമുക്ക് അന്യോന്യമുള്ള സന്തോഷം പൂർണ്ണമാകുവാൻ എഴുതിയിട്ടുള്ളതാകുന്നു.

### കൂട്ടായ്മയുടെ വ്യവസ്ഥകൾ (1:5–2:8)

ദൈവം വെളിച്ചം ആകുന്നു. അവനിൽ ഇരുട്ട് ഒട്ടും ഇല്ല. അതുകൊണ്ടുള്ള ആശയം ദൈവം വിശുദ്ധിയുടെ പ്രതീകം ആകുന്നു എന്നത്രെ. ദൈവം കളങ്കമില്ലാത്തവനും നീതിയുടെ ഉറവിടവും നന്മ മാത്രം ചെയ്യുന്നവനുമാണ്. ആ ദൈവത്തോടു കൂട്ടായ്മയുള്ളവർക്ക് അനീതിയും അശുദ്ധിയുമുള്ള ജീവിതശൈലി ഉള്ളവരാകുവാൻ കഴിയുന്നതല്ല. രക്ഷിക്കപ്പെട്ടവർ ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ ആകുന്നു (2 പത്രൊ. 1:4). ദൈവത്തോടു കൂട്ടായ്മ ഉണ്ടെന്നു പറയുന്നവർ പാപത്തിൽ ജീവിക്കുമ്പോൾ അവർ ഇരുട്ടിൽ നടക്കുന്ന വരാകുന്നു. കേവലം ഭോഷ്ക്കു പറയുന്നവരും അസത്യവാദികളുമായ ദുരുപ ദേഷ്ടാക്കന്മാരുടെ ലക്ഷണമാകുന്നു അത്.

ദൈവം വെളിച്ചമാകയാൽ വെളിച്ചത്തിൽ നടക്കുന്നവർക്കു മാത്രമേ അവനോടു കൂട്ടായ്മ ഉള്ളവരാകുവാൻ കഴികയുള്ളൂ. അപ്പോൾ ദൈവമക്കൾ തമ്മിലും കൂട്ടായ്മ ഉള്ളവർ ആകും. ഒരു കാലത്തു നാം ഇരുട്ടായിരുന്നു. ആത്മീയ അന്ധതയിൽ കഴിഞ്ഞിരുന്നു. അതിന്റെ അധികാരത്തിൽ കഴിഞ്ഞി രുന്നവരും ഇരുട്ടിന്റെ പ്രവൃത്തികളിൽ സന്തോഷിക്കുന്നവരും ആയിരുന്നു. വെളിച്ചമായ ദൈവം നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിക്കയും വെളിച്ചത്തിന്റെ മക്കളാക്കി തീർക്കയും ചെയ്തു (കൊലൊ. 1:13; എഫെ. 5:8). യേശുക്രിസ്തുവിന്റെ പ്രായശ്ചിത്തമരണംമൂലം അതു സാധിപ്പിച്ചിരി ക്കുന്നു. നാം വെളിച്ചത്തിൽ നടക്കുന്നവർ ആകണം എന്നു ദൈവം ആഗ്രഹിക്കുന്നു (എഫെ. 5:9,10). എന്നാൽ പാപപങ്കിലമായ ലോകജീവിതത്തിൽ ദൈവമക്കൾ ഇരുട്ടിന്റെ പ്രവൃത്തികൾ ചെയ്തു ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെട്ടവരായി തീരാവുന്നതാണ്. അവരെ യഥാസ്ഥാനപ്പെടുത്തുവാൻ ശക്തിയുള്ളതത്രെ ക്രിസ്തുവിന്റെ രക്തം. ആ രക്തം പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്ന രക്തം ആകുന്നു. ക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനവും നിത്യജീവനും ലഭിച്ചവർക്കുള്ള പദവിയാകുന്നു ഇത്. ക്രിസ്തീയ ജീവിതത്തിൽ തുടർന്നുകൊണ്ടിരിക്കേണ്ട ശുദ്ധീകരണമാകുന്നു ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ക്രിസ്തുവിന്റെ രക്തത്താൽ മാത്രമാകുന്നു പാപിക്കു രക്ഷയും വീണ്ടെ ടുപ്പും ശുദ്ധീകരണവും ലഭിക്കുന്നത് (എബ്രാ. 9:22; എഫെ. 1:7; എബ്രാ. 10:10). ദൈവവചനം നമ്മെ ശുദ്ധീകരിക്കുന്ന സത്യത്തിന്റെ വചനം ആകുന്നു (യോഹ. 17:17).

ദുരുപദേഷ്ടാക്കന്മാരുടെ സ്വയംനീതീകരണം അപകടം നിറഞ്ഞതും വഞ്ചനാപരവും ആകുന്നു. പാപത്തിന്റെ സാർവ്വത്രികത മനസ്സാക്ഷിയുള്ള ആരും സമ്മതിക്കാതിരിക്കുകയില്ല. ജ്ഞാനവാദികൾ പാപം നിഷേധിക്കു ന്നവർ ആയിരുന്നു. അവർ അസത്യവാദികളും ദൈവവചനത്തെ അവഗണിക്കുന്നവരുമാണ് (1:10). 9–ാം വാക്യത്തിൽ പാപം ഏറ്റുപറയുന്നവർക്കുള്ള അനുഗ്രഹം ചൂണ്ടിക്കാണിക്കുന്നു. ഈ ഏറ്റുപറച്ചിൽ രക്ഷിക്കപ്പെടുന്നതി നുള്ളതല്ല പ്രത്യുത രക്ഷിക്കപ്പെട്ടവർക്കുള്ളതാണ്. അവർ രക്ഷിക്കപ്പെട്ടവരെങ്കിലും പാപത്തിന്റെ സ്വാധീനതയിൽനിന്നും സ്വതന്ത്രരല്ല. ഏറ്റുപറയുക എന്ന വാക്കിന്റെ അർത്ഥം ദൈവമുമ്പാകെ സമ്മതിക്കുക എന്നാണ്. അപ്പോൾ നമ്മുടെ പാപങ്ങളെ ക്ഷമിക്കയും സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കയും ചെയ്യുവാൻ കർത്താവ് വിശ്വസ്തനും നീതിമാനും ആകുന്നു. നീതിയും വിശ്വസ്തതയും ദൈവസ്വഭാവങ്ങൾ ആകുന്നു. അവന്റെ സ്വഭാവം അവന് ത്യജിക്കുവാൻ കഴിയുന്നതല്ല. അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുമെന്ന് വാഗ്ദത്തം ചെയ്തു. അത് നിവർത്തിക്കുവാൻ അവൻ വിശ്വസ്തനു മാകുന്നു. പിതാവ് മക്കളുടെ കുറവുകൾ ക്ഷമിക്കുന്നതിനു തുല്യമാണ് ഇത്. ദൈവമക്കൾ ഒരിക്കലായി പാപക്ഷമ ലഭിച്ചവരാണ്. അതിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണമാണ്. എന്നാൽ നമ്മുടെ പാപങ്ങൾ ഏറ്റുപറയുമ്പോൾ പിതാവ് നമ്മുടെ കുറവുകളെ മറക്കയും ക്രിസ്തുവിന്റെ നീതി നമ്മുടെ നീതിയായി കാണുകയും ചെയ്യുന്നു (റോമർ 3:21). നമ്മുടെ കുറവുകളെ സമ്മതിച്ചുകൊണ്ട് സ്വയം വഞ്ചിക്കപ്പെടാതെ ഏറ്റുപറയുമ്പോൾ നാം ശുദ്ധീകരണം പ്രാപിക്കയും ആത്മീയ സന്തോഷം ഉള്ളവരാകയും ചെയ്യും (സങ്കീ. 32:5). അതിന് കർത്താവ് നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 2

### ക്രിസ്തു വിശ്വാസികളുടെ മദ്ധ്യസ്ഥൻ (2:1,2)

സ്നേഹത്തിന്റെ പ്രബോധനമാണ് ഇവിടെ കാണുന്നത്. ദൈവമക്കൾ വിശുദ്ധജീവിതം നയിക്കുവാൻ വീണ്ടെടുക്കപ്പെട്ടവർ ആകുന്നു. അതിന് അവർ വെളിച്ചത്തിൽ നടക്കുന്നവർ ആകണം. അത് ദൈവത്തോടും മറ്റുള്ളവരോടും പരമാർത്ഥത പുലർത്തുന്നതിനെ കാണിക്കുന്നു. നാം രക്ഷിക്കപ്പെട്ടവരാണെങ്കിലും പാപത്തിന്റെ സ്വാധീനതയും ഇച്ഛയും ഉള്ള ഒരു ശരീരത്തിലാണ് ജീവിക്കുന്നത്. ദൈവമക്കൾ പാപം ചെയ്യുന്നവർ ആകരുത്. എന്നാൽ

അബദ്ധവശാൽ പാപം ചെയ്താൽ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. കാര്യസ്ഥൻ എന്ന വാക്കിന്റെ അർത്ഥം മദ്ധ്യസ്ഥൻ, സഹായകൻ എന്നിവയാണ്. ക്രിസ്തു നമ്മുടെ പാപത്തിനു പ്രായശ്ചിത്തമായി മരിച്ചു. അവൻ ഉയിർത്തെഴുന്നേറ്റു നമ്മുടെ പ്രതിനിധിയായി സ്വർഗ്ഗത്തിൽ പക്ഷവാദം ചെയ്യുന്നു. അവനു നമ്മെ പൂർണ്ണമായി രക്ഷിപ്പാൻ കഴിവും ശക്തിയും ഉണ്ട്. ഇത് പാപം ചെയ്യുവാനുള്ള പ്രോത്സാഹനമല്ല പ്രത്യുത വിശുദ്ധജീവിതത്തിനുള്ള പ്രബോധനം ആകുന്നു. പാപം ദൈവത്തോടും ദൈവജനത്തോടുമുള്ള കൂട്ടായ്മയ്ക്ക് തടസ്സമാകുന്നു. കൂട്ടായ്മ ഉണ്ടാകുവാൻ നാം വെളിച്ചത്തിൽ നടക്കുന്നവർ ആകണം. നമ്മുടെ പാപങ്ങൾ സമ്മതിക്കയും കർത്താവിനോട് ഏറ്റുപറകയും ചെയ്യണം. അവന്റെ വചനം അനുസരിക്കുന്നവർ ആകണം.

ക്രിസ്തു സർവ്വലോകത്തിന്റെയും പാപങ്ങൾക്കുള്ള പ്രായശ്ചിത്തം ആകുന്നു. അവൻ നമ്മുടെ പാപത്തിന്റെ ശിക്ഷ ക്രൂശിൽ സഹിച്ചു. അങ്ങനെ ദൈവത്തിന്റെ നീതിക്കു നിവൃത്തി വരുത്തി. അതിന്റെ ലക്ഷ്യം പാപികളെ ദൈവത്തോട് സമാധാനമുള്ളവർ ആക്കുക എന്നുള്ളതായിരുന്നു (യോഹ. 1:29; റോമർ 3:25; എബ്രാ. 2:17). അതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല (റോമർ 8:1). എന്നാൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തബലിയിൽ ആശ്രയിച്ചു വിശ്വസിക്കാത്തവർക്ക് ശിക്ഷ ഉണ്ടാകും. ക്രിസ്തു നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായിരിക്കുന്നതുകൊണ്ട് പിതാവിനു നമ്മുടെ പാപങ്ങൾ ക്ഷമിക്കുവാനും നമ്മെ നീതീകരിക്കുവാനും കഴിയുന്നു. അപ്പോൾ നാം ദൈവത്തോട് കൂട്ടായ്മയുള്ളവർ ആകും.

## കൂട്ടായ്മ പുലർത്തുന്നവരുടെ സ്വഭാവം (2:3-11)

ദൈവമക്കൾ വചനം അനുസരിക്കുമ്പോൾ ദൈവത്തോട് കൂട്ടായ്മ ഉള്ളവർ ആകുന്നു. കർത്താവിനെ അറിയുന്നവർ അവനെ സ്നേഹിക്കുന്നു. ആ സ്നേഹം അവനെ അനുസരിക്കുവാൻ പ്രേരണ നൽകും. അനുസരണം സ്നേഹത്തിന്റെ ലക്ഷണം ആകുന്നു. ദുരുപദേഷ്ടാക്കന്മാർ ദൈവത്തെ അറിയുന്നു എന്ന് അവകാശപ്പെടുന്നു എങ്കിലും സ്വന്ത ഇഷ്ടപ്രകാരം ജീവിക്കുന്നവരാണ്. അവരിൽ സത്യമില്ലെന്നു മാത്രമല്ല സ്വയം വഞ്ചിക്കപ്പെടുന്നവരുമാണ്. വസിക്കുക എന്നതുകൊണ്ടുള്ള ആശയം സജീവബന്ധമുള്ളവരായി ഫലം കായ്ക്കുക എന്നാണ് (യോഹ. 15). അവർ ക്രിസ്തുവിന്റെ മാതൃക അനുകരിക്കുന്നവർ ആകും. ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന അറിവ് വർദ്ധിക്കുന്തോറും അവനോടുള്ള അനുസരണവും വർദ്ധിച്ചുകൊണ്ടിരിക്കും.

കൂട്ടായ്മ ആചരിക്കുവാൻ അന്യോന്യസ്നേഹം ആവശ്യമാകുന്നു. ക്രിസ്തുമാർഗ്ഗം സ്നേഹത്തിന്റെ മാർഗ്ഗമാകുന്നു. ദൈവം നമ്മെ സ്നേഹിച്ചു തനിക്കായി വീണ്ടെടുത്തിരിക്കുന്നു. നാം ദൈവത്തെ സ്നേഹിക്കുവാൻ കടപ്പെട്ടവരാണ്. ദൈവമക്കൾ അന്യോന്യം സ്നേഹിക്കുവാൻ കല്പന ലഭിച്ചവരാണ് (യോഹ. 13:34). പഴയനിയമത്തിലും അപ്പൊസ്തലന്മാരുടെ പ്രസംഗങ്ങളിലും ഈ സ്നേഹത്തെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട് (ലേവ്യ 19:18). നോസ്റ്റിക്കുകാർ പറയുന്നതുപോലെ ഇത് ഒരു പുതിയ ആശയമല്ല. ക്രിസ്തു അത് പിന്നെയും നൽകിയ കല്പന മാത്രമാകുന്നു. അത് നിങ്ങൾ അറിയുന്ന സത്യവുമത്രെ. ക്രിസ്തുവിൽ വിശ്വസിച്ചു ഹൃദയദൃഷ്ടി പ്രകാശിക്കപ്പെട്ടവർ അന്യോന്യം സ്നേഹിക്കുന്നവർ ആകും (യോഹ. 15:12). വെളിച്ചത്തിൽ വസിക്കുന്നവർ സഹോദരനെ പകയ്ക്കുകയില്ല. അവർ സഹോദരന് ഇടർച്ചയ്ക്കു കാരണം ആകയില്ല. സഹോദരനെ പകയ്ക്കുന്നവൻ കൊലപാതകനും കള്ളനു മാകുന്നു (3:15; 4:20). അവർ പാപത്തെ പാപമായി കാണുവാൻ കഴിയാത്ത വിധം ആത്മീയ അന്ധതയിൽ കഴിയുന്നവരും പ്രയോജനമില്ലാത്തവരും ആണ്. അവർക്ക് ആത്മീയകാര്യങ്ങൾ ഭോഷത്വമാണ്. ഇതു ജ്ഞാനവാദികളുടെ ലക്ഷണം ആകുന്നു.

12-14 വരെയുള്ള വാക്യങ്ങളിൽ യോഹന്നാനു വിശ്വാസികളിലുള്ള ആത്മവിശ്വാസവും പിതൃസഹജമായ സ്നേഹവും വ്യക്തമാക്കിയിരിക്കുന്നു. അവർ ദൈവമക്കളാണ്, പാപക്ഷമ ലഭിച്ചവരാണ്. അവരിൽ പലരും പിതാക്കന്മാരാകുന്നു. അതുകൊണ്ടുള്ള ആശയം ആത്മീയ പക്വത വന്നവർ എന്നാണ്. ആത്മീയ പോരാട്ടം അനുഭവിക്കുന്നവരുണ്ട്. ആത്മീയ ശൈശവത്തിൽ കഴിയുന്നവരും ഉണ്ടായിരുന്നു. എല്ലാ ആത്മീയനിലകളിലുള്ളവർക്കും പ്രബോധനം ആവശ്യമാകുന്നു. ദൈവവചനത്തിൽ നിലനിന്ന് ആത്മീയ വളർച്ച പ്രാപിക്കുന്നവർ ദുഷ്ടന്റെ ആക്രമണങ്ങളെ ജയിക്കുവാൻ കഴിവുള്ളവർ ആകും എന്ന് അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നു. ജ്ഞാനവാദികൾക്ക് എതിരെയുള്ള മുന്നറിയിപ്പാകുന്നു ഇത്.

## ലോകമയത്വവും ദുരുപദേശവും അപകടകരം (2:15-29)

ദൈവമക്കൾ ലോകത്തോടു സംസർഗ്ഗം ഉള്ളവരാകരുത്. ലോകം വസ്തുമയമായ ലോകത്തെയല്ല പ്രത്യുത ലോകജനതയെ കാണിക്കുന്നു. സാത്താനാണ് ലോകത്തിന്റെ പ്രഭു. ലോകം അവന്റെ അധീനതയിൽ കഴിയുന്നു (2 കൊരി. 4:4). ലോകം ദൈവത്തോട് ശത്രുതയിൽ കഴിയുന്നു. ലോകത്തോടുള്ള സ്നേഹം ദൈവത്തോടുള്ള ശത്രുത്വം ആകുന്നു. ലോകത്തിലുള്ള തെല്ലാം ജഡത്തോട് ബന്ധമുള്ളതാണ്. അത് ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ പരീക്ഷകൾ ഉളവാക്കുന്നു. അവ ദൈവത്തിൽ നിന്നും ഉള്ളതല്ല. അവയെല്ലാം നശിച്ചുപോകുന്നതാണ്. ദൈവേഷ്ടം ആത്മാവിനോടു മുഖ്യമായും ബന്ധമുള്ളതാകുന്നു. അത് തിരുവചനത്തിൽക്കൂടി വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അത് അനുസരിക്കുന്നവർക്കുണ്ടാകുന്ന ആത്മീയ അനുഗ്രഹങ്ങൾ നിത്യമാണ്. ക്രിസ്തുവിനു മുൾക്കിരീടം നൽകിയ ലോകം വിശ്വാസികൾക്ക് സ്വർണ്ണക്കിരീടം നൽകുകയില്ല (യോഹ. 15:18-20).

18-ാം വാക്യം മുതൽ ദുരുപദേഷ്ടാക്കന്മാരെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകുന്നു. ക്രിസ്തുവിന്റെ ആളത്വത്തെ നിഷേധിക്കുന്നവരാണ് ഇവർ. അന്ത്യനാഴിക ക്രിസ്തുവിന്റെ വരവ് മുതൽ പുനരാഗമനം വരെയുള്ള കാലയളവാണ് (1 കൊരി. 10:11). അന്ത്യനാളുകളിൽ അന്തിക്രിസ്തുക്കൾ വർദ്ധിക്കും എന്ന് അപ്പൊസ്തലന്മാർ പ്രവചിച്ചിരുന്നു (1 തിമൊ. 4:1). ഇവർ ക്രിസ്തുവിന്റെ ആളത്വത്തെ നിഷേധിക്കുന്ന ദുരുപദേഷ്ടാക്കന്മാരാകുന്നു. അവർ ക്രിസ്തുവിരോധികളാണ്. ഇന്ന് യുക്തിവാദികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന അനേകരും അന്തിക്രിസ്തുവിന്റെ ആത്മാവുള്ളവരാകുന്നു. അവർ ക്രിസ്തുവിന്റെ ദൈവത്വം, പാപപരിഹാരബലി, ഉയിർത്തെഴുന്നേല്പ് എന്നിവ നിഷേധിക്കുന്നവരാണ്. ദൈവസഭയിൽ അവർ ഉണ്ടെന്നുള്ളതാണ് ഒരു ദുഃഖസത്യം. അവർ യഥാർത്ഥത്തിൽ വീണ്ടും ജനിച്ചവരല്ല. വേഷഭക്തരായ ജ്ഞാനവാദികൾ ആണ്. അവരെ യോഹന്നാൻ ദൈവജനത്തോടുള്ള കൂട്ടാ യ്മ ഉപേക്ഷിച്ചുപോയ വിശ്വാസത്യാഗികൾ എന്ന് വിശേഷിപ്പിക്കുന്നു.

വിശ്വാസത്യാഗികളായ ദുരുപദേഷ്ടാക്കന്മാരെ വിവേചിച്ചു മനസ്സിലാക്കുവാൻ യഥാർത്ഥ വിശ്വാസികൾക്ക് ഉത്തരവാദിത്വം ഉണ്ട്. അതിനായി അവരിലുള്ള പരിശുദ്ധാത്മാവ് അവരെ പ്രാപ്തരാക്കും എന്ന് യോഹന്നാൻ ഓർമ്മിപ്പിക്കുന്നു (റോമർ 8:9). അതാണ് പരിശുദ്ധാത്മാവിന്റെ അഭിഷേകംകൊണ്ടുള്ള ആശയം (2 കൊരി. 1:21). രക്ഷിക്കപ്പെടാത്തവർക്ക് ക്രിസ്തുവിനെക്കുറിച്ചുള്ള ഉപദേശം ഭോഷത്വമാണ് (1 കൊരി. 1:18). ആത്മാവ് ആത്മീയ കാര്യങ്ങൾ വിവേചിക്കുവാൻ കഴിവ് നൽകുന്നു (1 കൊരി. 2:11). ക്രിസ്തീയ സത്യങ്ങളുടെ വെളിപ്പാടാകുന്നു ബൈബിൾ. അതിന് എതിരായ ഉപദേശങ്ങൾ സാത്താനിൽ നിന്നും വരുന്നതാണ്. ക്രിസ്തു ദൈവപുത്രനല്ല എന്ന് നോസ്റ്റിക്കു തത്വജ്ഞാനികൾ പഠിപ്പിച്ചിരുന്നു. അവൻ ജഡത്തിൽ പ്രത്യക്ഷപ്പെട്ടു എന്ന സത്യം അവർ നിഷേധിച്ചിരുന്നു. ഈ സത്യങ്ങൾ ക്രിസ്തീയ അടിസ്ഥാന ഉപദേശ ങ്ങൾ ആകുന്നു. അത് നിഷേധിക്കുന്നവർ എതിർക്രിസ്തുക്കൾ അത്രെ. പുത്രനെ നിഷേധിക്കുന്നവനു പിതാവില്ല, പുത്രനെ സ്വീകരിക്കുന്നവനു പിതാവുണ്ട്. ദൈവം ഏകത്വത്തിലെ ബഹുത്വം ഉള്ളവരാണ്; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. ദൈവത്തിലെ ത്രിത്വം നിഷേധിക്കുന്നവർ ക്രിസ്തീയ അടിസ്ഥാന ഉപദേശം നിഷേധിക്കുന്നവരാണ്. വേദപുസ്തകത്തിനു നിരക്കാത്ത ഉപദേശങ്ങൾ സ്വീകരിക്കുന്നവരാകരുത്. ക്രിസ്തുവിനോടുള്ള ഐക്യത്താൽ ലഭിക്കുന്ന വാഗ്ദത്തം നിത്യജീവൻ ആകുന്നു. അതാകുന്നു ആത്മീയ കൂട്ടായ്മ യുടെ അടിസ്ഥാനം. യോഹന്നാൻ ഈ സത്യങ്ങൾ എഴുതുന്നത് വിശ്വാസികൾ ദുരുപദേഷ്ടാക്കന്മാരുടെ വഞ്ചനയിൽ അകപ്പെടാതിരിക്കുവാനായിരുന്നു. കൂടാതെ സകല സത്യത്തിലും അവരെ നടത്തുവാൻ അവരിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ് അവരെ പ്രാപ്തരാക്കും എന്നും ഉറപ്പുണ്ടായിരുന്നു. ദുരുപദേഷ്ടാക്കന്മാർ അസത്യവാദികൾ ആകുന്നു. പരിശുദ്ധാത്മാവ് വിശ്വാസികളെ സകല സത്യത്തിലും നടത്തുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ പുനരാഗമനത്തിൽ പ്രാഗത്ഭ്യമുള്ളവരായി പ്രത്യക്ഷപ്പെടുവാൻ അവനിൽ വസിക്കുന്നവർ ആകണം.

വീണ്ടും ജനിച്ചവർ ദൈവം നീതിമാനാണെന്ന് അറിയുന്നവരും നീതിഫലം പുറപ്പെടുവിക്കുന്ന ജീവിതം നയിക്കുന്നവരും ആയിരിക്കും. അത് വീണ്ടും ജനനത്തിന്റെ തെളിവാകുന്നു.

## അദ്ധ്യായം 3

### ദൈവമക്കളുടെ ലക്ഷണങ്ങൾ (3:1-9)

ദൈവം നീതിമാനാകയാൽ നീതിപൂർവ്വമുള്ള ജീവിതം നയിക്കുന്നവർ ദൈവമക്കൾ ആകുന്നു. അവർ ദൈവവചനാനുസരണം ജീവിക്കുന്നവർ ആകും എന്നു സാരം. ദൈവമക്കൾ ദൈവത്തിൽനിന്നു ജനിച്ചവരും ദൈവകുടുംബത്തിന്റെ അംഗങ്ങളും ആകുന്നു (യോഹ. 1:12,13). കർത്താവ് നമ്മെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിച്ചില്ല എന്ന് വായിക്കുന്നു (എബ്രാ. 2:11). സാഹോദര്യബന്ധം എത്ര ഹൃദ്യമാകുന്നു! നമ്മുടെ രക്ഷയ്ക്കു കാരണം ദൈവത്തിന്റെ മഹാസ്നേഹം ആകുന്നു (യോഹ. 3:16). സ്നേഹത്തിന് അഗപ്പെ എന്ന വാക്കാണ് ഗ്രീക്കിൽ ഉപയോഗിച്ചിട്ടുള്ളത്. ശത്രുക്കളോടുള്ള നിസ്വാർത്ഥ സ്നേഹം ആണ് അത്. അവരുടെ നന്മമാത്രം ലക്ഷ്യമാക്കി ജീവനെ നൽകുന്ന സ്നേഹം. അതത്രെ നാം കാൽവറി ക്രൂശിൽ കാണുന്നത് (റോമർ 5:8). ഈ സ്നേഹം ദൈവമക്കളിൽ നിത്യതയിലും ആശ്ചര്യം ഉളവാക്കുന്ന സ്നേഹമാണ്. ഇത് ദൈവത്തിൽ മാത്രമുള്ള സ്നേഹമാണ്. രക്ഷിക്കപ്പെടാത്തവർ പിതാവിനെയും പുത്രനെയും അറിയുന്നില്ല (യോഹ. 6:69). അതുകൊണ്ട് ദൈവമക്കളെയും അറിയുന്നില്ല (യോഹ. 15:20,21). രക്ഷിക്കപ്പെട്ടവർ ഇപ്പോൾ ദൈവമക്കൾ എന്ന പദവി ലഭിച്ചവരാണ്. കർത്താവിന്റെ പുനരാഗമനത്തിൽ അവർക്ക് ലഭിക്കുവാൻ പോകുന്ന തേജസ്സിനെക്കുറിച്ച് ഇപ്പോൾ പൂർണ്ണമായി അറിയുന്നില്ല. എന്നാൽ അവൻ പ്രത്യക്ഷനാകുമ്പോൾ നാം രൂപാന്തരപ്പെട്ടു തേജസ്സുള്ള ശരീരം പ്രാപിക്കയും തേജസ്സിന്റെ കർത്താവിനെ മുഖാമുഖം ദർശിക്കയും ചെയ്യും. ക്രിസ്തുവിനോട് സദൃശന്മാരായി അവനെ കാണും എന്നുള്ളതാണ് വിശ്വാസികളുടെ ഭാഗ്യകരമായ പ്രത്യാശ (ഫിലി. 3:21; തീത്തൊ. 2:12). ഈ പ്രത്യാശയിൽ ഉറപ്പുള്ളവർ ക്രിസ്തു നിർമ്മലൻ ആയിരിക്കുന്നതുപോലെ നിർമ്മലീകരിക്കുവാൻ ഉത്തരവാദിത്വം ഉള്ളവരാകണം. ഇവിടെ നിർമ്മലൻ എന്ന വാക്കിന്റെ അർത്ഥം വിശുദ്ധൻ എന്നാണ്. ക്രിസ്തുവിൽ വിശ്വസിച്ചപ്പോൾ നാം വിശുദ്ധീകരിക്കപ്പെട്ടവരാണ്. എന്നാൽ നാം ജീവിക്കുന്ന ലോകം അശുദ്ധികൊണ്ട് നിറഞ്ഞതാകുന്നു. അതുകൊണ്ട് അശുദ്ധരാകാവുന്നതാണ്. ക്രിസ്തുവിന്റെ വരവിനെക്കുറിച്ചുള്ള പ്രത്യാശ നമുക്ക് വിശുദ്ധജീവിതത്തിനും വിശ്വസ്തസേവനത്തിനും പ്രേരണ നൽകണം. ദുരുപദേഷ്ടാക്കന്മാർ ജ്ഞാനവാദികളാണെന്ന് അവകാശപ്പെട്ടിരുന്നെങ്കിലും വിശു

ദ്ധജീവിതം നയിച്ചിരുന്നില്ല. ദൈവമക്കൾ അവരെ അനുകരിക്കരുത്.

4 മുതലുള്ള വാക്യങ്ങളിൽ ദൈവമക്കൾ പാപം പരിശീലിക്കുന്നവരാകയില്ല എന്ന സത്യം ചൂണ്ടിക്കാണിച്ചിരിക്കുന്നു. പാപം അധർമ്മം ആകുന്നു. അധർമ്മം എന്ന വാക്കിന്റെ അർത്ഥം ദൈവകല്പനകൾ ലംഘിക്കുക എന്നാണ്. പാപംകൊണ്ടുള്ള ആശയം ലക്ഷ്യം പിഴയ്ക്കുക എന്നത്രെ. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവനെ അനുസരിച്ച് മഹത്വപ്പെടുത്തേണ്ടതിനായിരുന്നു. ദൈവകല്പന ലംഘിച്ചു പാപത്തിൽ വീണ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ ക്രിസ്തു വന്നു. അവൻ പാപരഹിതനായിരുന്നു. പാപം ചെയ്തിട്ടില്ല, പാപം അറിഞ്ഞിരുന്നുമില്ല (1 യോഹ. 3:5; 1 പത്രൊ. 2:22; 2 കൊരി. 5:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനം വിശ്വാസികൾക്ക് പാപത്തിന്റെ ശിക്ഷയിൽനിന്നും ശക്തിയിൽനിന്നും വിടുതൽ നൽകുന്നു. ക്രിസ്തുവിൽ വസിച്ചു കൂട്ടായ്മ പുലർത്തുന്നവർ പാപം ചെയ്തുകൊണ്ട് ജീവിക്കുകയില്ല. വിശ്വാസികൾക്ക് പാപം ചെയ്യാൻ കഴിയാത്ത അവസ്ഥ ഇന്ന് ഉണ്ടായിട്ടില്ല. എന്നാൽ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവും പരിശുദ്ധാത്മനിയന്ത്രണത്താൽ ലഭിക്കുന്ന സംസർഗ്ഗവും പാപത്തിന്റെ മേൽ ജയം പ്രാപിക്കുവാൻ നമ്മെ സഹായിക്കും. വീണ്ടും ജനിച്ചവർ ദിവ്യസ്വഭാവം ഉള്ളവരാണ്. അവർ നീതി പ്രവർത്തിക്കുന്നവർ ആകും. ദൈവമക്കൾ നീതീകരിക്കപ്പെട്ടതുകൊണ്ട് നീതി പ്രവർത്തിക്കുന്നവരാണ് (എഫെ. 2:8-10). സൽപ്രവൃത്തികളാൽ ആർക്കും നീതീകരിക്കപ്പെടാവുന്നതല്ല (യെശ. 64:6). വിശ്വാസത്താൽ നാം ദൈവമുമ്പാകെ നീതീകരിക്കപ്പെടുന്നു. നീതിപ്രവൃത്തികളാൽ നാം നീതീകരിക്കപ്പെട്ടവരാണെന്നു ലോകം അറിയുന്നു.

അവിശ്വാസികൾ പിശാചിന്റെ മക്കളും പാപജീവിതം നയിക്കുന്നവരുമാണ് (പ്രവൃ. 13:10). അവർ ദൈവത്തിനു വിരോധമായി പ്രവർത്തിക്കുന്നവരും ക്രോധത്തിന്റെ മക്കളും ആകുന്നു (എഫെ. 2:1-3). പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനത്രെ ക്രിസ്തു വന്നത്. അഴിക്കുക എന്ന വാക്കിന്റെ അർത്ഥം കെട്ടഴിച്ചു സ്വതന്ത്രരാക്കുക, നശിപ്പിക്കുക എന്നത്രെ. അവന്റെ മരണപുനരുത്ഥാനം അതിനുള്ളതായിരുന്നു. ഇന്ന് ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് പാപമോചനം ഉണ്ട്. അവന്റെ പുനരാഗമനത്തിങ്കൽ പാപത്തിന്റെ സ്വാധീനതയിൽനിന്നും ശാപത്തിൽനിന്നുമുള്ള പരിപൂർണ്ണ വിമോചനം അവർക്കു ലഭിക്കും. ഈ സത്യങ്ങൾ അറിഞ്ഞു ദുരുപദേഷ്ടാക്കന്മാരുടെ വഞ്ചനയിൽ അകപ്പെടാതിരിക്കുവാൻ യോഹന്നാൻ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു. പാപജീവിതം നയിക്കുന്നത് അവിശ്വാസികളുടെ ലക്ഷണം ആകുന്നു. ദൈവവചനധ്യാനവും പ്രാർത്ഥനയും ദൈവജനത്തോടുള്ള കൂട്ടായ്മയും വിശുദ്ധജീവിതത്തിന് ആവശ്യമാകുന്നു.

## ദൈവമക്കൾ അന്യോന്യം സ്നേഹിക്കുന്നു (3:10-24)

വീണ്ടും ജനിച്ചവർ നീതി പ്രവർത്തിക്കുന്നവരും സഹോദരസ്നേഹം ഉള്ളവരും ആയിരിക്കും. സഹോദരനെ സ്നേഹിക്കാതിരിക്കുന്നത് അനീതിയാകുന്നു. അത് അവിശ്വാസികളുടെ ലക്ഷണം ആണ്. ക്രിസ്തു സ്നേഹത്തിന്റെ പ്രാധാന്യം ആദി മുതൽ തന്നെ ശിഷ്യന്മാർക്കു വെളിപ്പെടുത്തിയിരുന്നു (യോഹ. 13:34,35). സ്നേഹിക്കാതിരുന്നാലുണ്ടാകാവുന്ന ദോഷം വെളിപ്പെടുത്തുവാൻ കയീന്റെ ദൃഷ്ടാന്തം ചൂണ്ടിക്കാണിക്കുന്നു. അവൻ ആദാമിന്റെ മകനും ഹാബെലിന്റെ സഹോദരനും ആയിരുന്നു. സ്വന്തസഹോദരന്റെ നീതിപ്രവൃത്തിയിൽ അസൂയാലുവായ കയീൻ ഹാബെലിനോട് വിദ്വേഷമുള്ളവനായി. അത് കൊലപാതകത്തിലേക്ക് നയിച്ചു. സഹോദരനെ പകയ്ക്കുന്ന സ്വഭാവം സാത്താന്യസ്വഭാവമാണ്. ദൈവമക്കൾ സ്വർഗ്ഗീയ കുടുംബത്തിന്റെ അംഗങ്ങൾ ആകയാൽ അന്യോന്യം സ്നേഹിക്കുന്നവർ ആകണം. ലോകം ദൈവത്തെ അറിയാത്തതുകൊണ്ട് വിശ്വാസികളെ ദ്വേഷിക്കുന്നു. നാം രക്ഷിക്കപ്പെട്ടവരാണെന്നുള്ളതിന്റെ തെളിവാകുന്നു അന്യോന്യമുള്ള സ്നേഹം. സഹോദരനെ നിത്യം പകയ്ക്കുന്നവൻ ആത്മീയമായി മരിച്ചവനാണ്. പക കൊലപാതകത്തിനു തുല്യമായ സ്വഭാവമാണ്.

സ്നേഹത്തിന്റെ മാനദണ്ഡം ക്രിസ്തുവാകുന്നു. സ്നേഹിക്കപ്പെടുവാൻ അർഹതയില്ലാത്ത, ദൈവത്തോടു ശത്രുക്കളായ നമ്മെ രക്ഷിക്കുവാൻ അവൻ ക്രൂശുമരണം സഹിച്ചു. നിരുപാധികം, പ്രതിഫലം ആഗ്രഹിക്കാതെ ത്യാഗം സഹിക്കുന്ന സ്നേഹമായിരുന്നു അത്. ശത്രുക്കളെ സ്നേഹിക്കുന്ന സ്നേഹമാണ് യഥാർത്ഥ സ്നേഹം (റോമർ 5:8). ദൈവമക്കൾ ക്രിസ്തുവിന്റെ മാതൃക അനുകരിക്കേണ്ടവരാണ്. അന്യരുടെ നന്മ ആഗ്രഹിക്കയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കയും ചെയ്യുന്നവർ ആകണം. സ്നേഹം പ്രവൃത്തികളിൽ ക്കൂടി പ്രകടിപ്പിക്കേണ്ടതാണ്. നാം മുട്ടുള്ളവരോട് മനസ്സലിവ് കാണിക്കുന്നവർ ആകണം. അത് കാണിക്കാത്തവരിൽ ക്രിസ്തുവിന്റെ സ്നേഹം വസിക്കുന്നില്ല. യഥാർത്ഥ ഭക്തിയുടെ ലക്ഷണം അതാണ് (യാക്കോ. 1:27). അങ്ങനെയുള്ളവർ സത്യം അറിയുന്നവരും ദൈവസന്നിധിയിൽ പ്രാഗത്ഭ്യത്തോടെ നിൽക്കുന്നവരും ആകും. അവർ ക്രിസ്തുവിൽ വിശ്വസിച്ച് അവന്റെ കല്പന അനുസരിക്കുന്നവരാണ്. ആ കല്പന നാം അന്യോന്യം സ്നേഹിക്കണം എന്നുള്ളതത്രെ. അപ്പോൾ നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കും. ദൈവമക്കൾ കർത്താവിനെ അനുസരിക്കുന്നവരാണ്. അവരിൽ വസിക്കുന്ന പരിശുദ്ധാത്മാവ് അവർ കർത്താവിനുള്ളവർ എന്ന ആന്തരികബോധം നൽകുന്നു. കർത്താവിനോടുള്ള സംസർഗ്ഗം അവനെ കൂടുതൽ അറിയുവാൻ ആവശ്യമാണ്. അപ്പോൾ നാം രക്ഷാനിർണ്ണയം ഉള്ളവർ ആകും. പാപത്തെ വെറുത്തുകൊണ്ട് ദൈവയിഷ്ടം ചെയ്യുവാൻ ആഗ്രഹിക്കും. ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്ന ജീവിതം നയിക്കും. ദുരുപദേഷ്ടാക്കന്മാർക്ക് ഈ അറിവ് ഉണ്ടായിരുന്നില്ല. അവർ ദൈവത്തെ പ്രസാദിപ്പിക്കുവാൻ അപ്രാപ്തരായിരുന്നു. അവരെ മനസ്സിലാക്കി അവരുടെ വഞ്ചനയിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ ഈ താരതമ്യപഠനം നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 4

### ദുരുപദേഷ്ടാക്കന്മാരെ വിശ്വസിക്കരുത് (4:1-6)

ദൈവമക്കൾ ദൈവത്തിൽനിന്നു ജനിച്ചവരും ദൈവാത്മാവ് ഉള്ളവരും ആണ് (റോമർ 8:9). അവർ ആത്മീയ വിഷയങ്ങൾ വിവേചിച്ചു മനസ്സിലാക്കുവാനുള്ള മാനദണ്ഡമാകുന്നു ദൈവവചനം. അന്ത്യകാലത്ത് കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കളും സഭയിൽ കടന്നു ദൈവജനത്തെ വഞ്ചിക്കുവാൻ ശ്രമിക്കും എന്ന് കർത്താവും അപ്പൊസ്തലന്മാരും മുന്നറിയിപ്പ് നൽകിയിരുന്നു (മർക്കൊ. 13:22; പ്രവൃ. 20:29,30). അവരെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു മനസ്സിലാക്കി ഒഴിഞ്ഞിരിക്കണം. അവരിൽ പ്രവർ ത്തിക്കുന്നത് ദൈവാത്മാവല്ല. അവർ സാത്താന്യശക്തിയാൽ നിയന്ത്രിക്കപ്പെടുന്നു. യേശുക്രിസ്തുവിനെ ഏറ്റുപറയാതെ, അവൻ ജഡത്തിൽ പ്രത്യക്ഷനായി എന്നു വിശ്വസിക്കാതിരിക്കുന്നതാകുന്നു അവരുടെ ലക്ഷണം. അവർ പ്രവചിക്കുന്നതും അത്ഭുതപ്രവൃത്തികൾ ചെയ്യുന്നതും ദൈവാത്മാവിന്റെ ശക്തിയിലല്ല. നോസ്റ്റിക്കുവാദികൾ ദൈവം മനുഷ്യനായി അവതരിച്ചവനാണ് ക്രിസ്തു എന്നു വിശ്വസിച്ചിരുന്നില്ല. എന്നാൽ അത് ഒരു പ്രവചനനിവൃത്തിയും ചരിത്രസത്യവുമാകുന്നു (യോഹ. 1:14; 1 തിമൊ. 3:16). ഇത് ക്രിസ്തുവിശ്വാസത്തിലെ അടിസ്ഥാന സത്യമാകുന്നു. അത് വിശ്വസിക്കാത്തവർ ദൈവാത്മാവുള്ളവരല്ല. അവരിൽ പ്രവർത്തിക്കുന്നത് എതിർക്രിസ്തുവിന്റെ ആത്മാവ് ആകുന്നു (2:22). പരിശുദ്ധാത്മാവ് ലോകത്തിന്റെ ആത്മാവിനേക്കാൾ ശക്തിയുള്ളവനാണ്. ലോകം എതിർക്രിസ്തുവിന്റെ ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നു. ദൈവമക്കൾ ലോകത്തെ ജയിക്കുന്നു. അവർ ലൗകികമായതിനെ വെറുത്തുകൊണ്ട് ദൈവികമായതിനെ അന്വേഷിക്കുന്നു. ദൈവാത്മാവുള്ളവർ ദൈവവചനം അറികയും പ്രസ്താവിക്കയും ചെയ്യുന്നു. അത് ദൈവവചനമായി കേട്ടു സ്വീകരിക്കുന്നവർ ദൈവാത്മാവുള്ളവരാകുന്നു (1 തെസ്സ. 2:13). സത്യത്തിന്റെ ആത്മാവ് പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. എതിർ ക്രിസ്തുവിന്റെ ആത്മാവ് വഞ്ചനയുടെ ആത്മാവാകുന്നു. അതുള്ളവർ ദൈവവചനം സ്വീകരിക്കുന്നില്ല. എന്നാൽ ദൈവമക്കൾ സത്യത്തിന്റെ സാക്ഷികളും, നീതിഫലം പുറപ്പെടുവിക്കുന്നവരും, അന്യോന്യം സ്നേഹിക്കുന്നവരും, വ്യാജാത്മാക്കളെ വിവേചിച്ചു മനസ്സിലാക്കുന്നവരും ആയിരിക്കും. ക്രിസ്തു ജഡത്തിൽ വന്നു എന്നുള്ള സത്യം വിശ്വസിക്കാത്തവരുടെ വഞ്ചനയിൽ അകപ്പെടാതിരിക്കുവാൻ നമുക്ക് ഇടയാകട്ടെ.

### സഹോദരസ്നേഹം, വിശ്വാസികളുടെ ലക്ഷണം (4:7-11)

ദൈവമക്കൾ അന്യോന്യം സ്നേഹിക്കുന്നവരാകണം എന്ന് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. അങ്ങനെ അവരെ ദുരുപദേഷ്ടാക്കന്മാരിൽനിന്നും വേർതിരിച്ചു മനസ്സിലാക്കുവാൻ ഇടയാകണം എന്നു യോഹന്നാൻ ആഗ്രഹിക്കുന്നു. ദൈവം സ്നേഹമാകുന്നു. ദൈവത്തിൽനിന്നും ജനിച്ചവർ സ്നേഹിക്കയും അവനെ അനുസരിക്കയും ചെയ്യുന്നു. കർത്താവിനെ അറിയുംതോറും അവനെ കൂടുതൽ സ്നേഹിക്കുന്നവർ ആകും. ദൈവം നമ്മെ സ്നേഹിച്ചതിന്റെ പ്രത്യക്ഷമായ തെളിവാകുന്നു ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണം. ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചു. പിതാവിനു പുത്രനോടുള്ള നിസ്തുല്യമായ ബന്ധത്തെയും ശത്രുക്കളായ മനുഷ്യവർഗ്ഗത്തോടുള്ള നിസ്സീമമായ സ്നേഹത്തെയും ഇവിടെ കാണാം. നമ്മെ വീണ്ടെടുക്കേണ്ടതിനാണ് അവനെ അയച്ചത്. നാം ആത്മീയമായി മരിച്ചവ രായിരുന്നു (എഫെ. 2:1-3). അങ്ങനെയുള്ള നമ്മെ ദൈവത്തോടു സമാധാന മുള്ള നിത്യബന്ധം ഉള്ളവരാക്കുവാൻ ക്രിസ്തു മരിച്ചു. അതാണ് നിത്യജീവൻ കൊണ്ടുള്ള ആശയം. നോസ്റ്റിക്കുവാദികൾ പറയുന്നതുപോലെ അറിവുകൊണ്ട് നിത്യജീവൻ സമ്പാദിക്കുവാൻ കഴിയുന്നതല്ല. അതിനു പാപരഹിതനായ ദൈവപുത്രൻ മനുഷ്യനായി പ്രായശ്ചിത്തമരണം അനുഭവിക്കേണ്ടിയിരുന്നു. അങ്ങനെ ദൈവം നമ്മെ സ്നേഹിച്ചു. നാം ദൈവത്തെ സ്നേഹിക്കുവാൻ കഴിവുള്ളവരല്ലായിരുന്നു. സ്വന്തപുത്രനെ നൽകിക്കൊണ്ടു നമ്മെ സ്നേഹിച്ച സ്നേഹത്തോടു നാം പ്രതികരിക്കുന്നവർ ആകണം. അപ്പോൾ നാം അന്യോന്യം സ്നേഹിക്കുന്നവർ ആകും. അതാണ് വീണ്ടും ജനനത്തിന്റെ യഥാർത്ഥ ലക്ഷണം. അതിന്റെ അഭാവം ദൈവത്തെ അറിഞ്ഞിട്ടില്ല എന്നുള്ളതിന്റെ തെളിവാകുന്നു.

### ക്രിസ്തുവിൽ വസിക്കുന്നവർ അന്യോന്യം സ്നേഹിക്കുന്നു (4:12-21)

ദൈവം ആത്മാവാകുന്നു. അതുകൊണ്ട് അദൃശ്യനാണ്. പ്രപഞ്ചം ദൈവത്തിന്റെ അദൃശ്യലക്ഷണം ആകുന്നു (സങ്കീ. 19:1; റോമർ 1:20). ദൈവം ക്രിസ്തുവിൽക്കൂടി തന്റെ സ്നേഹം വെളിപ്പെടുത്തിയിരിക്കുന്നു (4:9). ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ദൈവസ്നേഹം അറികയും മനുഷ്യസ്നേഹികൾ ആകയും ചെയ്യുന്നു. അത് ക്രിസ്തു നമ്മിൽ വസിക്കുന്നതിന്റെ തെളിവാണ്. നാം അന്യോന്യം സ്നേഹിക്കുമ്പോൾ ദൈവസ്നേഹം വെളിപ്പെടുന്നു. ക്രിസ്തുവിൽ വസിക്കുന്നതും ക്രിസ്തു നമ്മിൽ വസിക്കുന്നതും എത്ര ആസ്വാദ്യകരമായ ബന്ധമാണ്. അപ്പോൾ ജീവന്റെ സമൃദ്ധി ഉള്ളവരും സമൃദ്ധിയായ ഫലം പുറപ്പെടുവിക്കുന്നവരും ആകും (യോഹ. 15:1-5). ഈ അന്യോന്യബന്ധം മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നതു നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവാകുന്നു.

അപ്പൊസ്തലന്മാർ ക്രിസ്തുവിന്റെ ദൃക്സാക്ഷികൾ ആയിരുന്നു. അവനെ സ്വന്തരക്ഷിതാവായി അംഗീകരിച്ചു സാക്ഷിക്കുന്നവരായി. ദുരുപ ദേഷ്ടാക്കന്മാർക്ക് അതിനു കഴിഞ്ഞിരുന്നില്ല. ക്രിസ്തുവിനെ ലോകരക്ഷിതാവായി അവർ അംഗീകരിക്കുവാൻ മടിക്കുന്നു. ക്രിസ്തുവിനെ ഏറ്റുപറയാത്തവർ അവനോട് സജീവബന്ധമുള്ളവരല്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവനെ അറിയുന്നു. ആ അറിവ് സ്നേഹവും അനുസരണവും ഉളവാക്കു

ന്നു. അറിവുകൊണ്ടു മാത്രം രക്ഷിക്കപ്പെടുകയില്ല. അറിവ് വിശ്വാസമായി പരിണമിക്കണം (എബ്രാ. 4:2). അപ്പോൾ നാം ദൈവത്തെ സ്നേഹിച്ചുകൊണ്ട് അവനിൽ വസിക്കുന്നവരാകും. അവർ കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രാഗത്ഭ്യം ഉള്ളവരായിരിക്കും. ക്രിസ്തുവിന്റെ ന്യായാസനത്തിൽ ധൈര്യം ഉള്ളവരായിരിക്കും എന്ന് സാരം. അതിനു നമ്മെ പ്രാപ്തരാക്കുന്നതു ദൈവം നമ്മെ തന്റെ സമ്പൂർണ്ണസ്നേഹത്തിലേക്കു നയിക്കയും അവനോടുള്ള കൂട്ടായ്മയിൽ നിലനിർത്തുകയും ചെയ്യുന്നു എന്നതാണ്. ദൈവ ത്തോടും സഹോദരന്മാരോടും സ്നേഹമുള്ളവർക്കു ദൈവസന്നിധിയിൽ ഭയപ്പെടേണ്ട ആവശ്യം ഇല്ല. ഭയഭക്തിയുള്ള ജീവിതം നീതിയുള്ളതും കുറ്റബോധത്തിൽനിന്നും സ്വാതന്ത്ര്യം നൽകുന്നതുമാണ്. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു എന്നുള്ളതിന്റെ ആശയം അതാണ്.

ദൈവം നമ്മെ നിരുപാധികം സ്നേഹിച്ചു. സ്നേഹിക്കുവാൻ നമ്മിൽ യാതൊരു യോഗ്യതകളും ഉണ്ടായിരുന്നില്ല. ആ സ്നേഹമാണ് ക്രിസ്തുവിനെ സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. അതു തുടർന്നുകൊണ്ടിരിക്കേണ്ട സ്നേഹമാണ്. അവർ ദൈവമക്കളെയും സ്നേഹിക്കുന്നവർ ആയി രിക്കും. സഹോദരനെ പകയ്ക്കുന്നവൻ കള്ളനാകുന്നു. അവർ ഇരുട്ടിൽ നടക്കുന്നവരും വചനം അനുസരിക്കാത്തവരുമത്രെ. അദൃശ്യനായ ദൈവത്തോടുള്ള സ്നേഹം തെളിയിക്കപ്പെടുന്നതു സഹോദര സ്നേഹം മൂലമാകുന്നു. അതിനു നാം കല്പന ലഭിച്ചവരാകുന്നു (യോഹ. 13:34). ദുരുപദേഷ്ടാക്കന്മാർ ദൈവത്തെ അറിയുന്നു എന്ന് അവകാശപ്പെട്ടിരുന്നെങ്കിലും സഹോദരന്മാരെ സ്നേഹിച്ചിരുന്നില്ല. അവരുടെ വഞ്ചനയിൽ അകപ്പെടാതെ സഹോദരസ്നേഹ മുള്ളവരാകുവാൻ അപ്പൊസ്തലൻ ആഹ്വാനം ചെയ്യുന്നു.

## അദ്ധ്യായം 5

### ദൈവത്തിൽനിന്നും ജനിച്ചവരുടെ ലക്ഷണം (5:1-11)

വീണ്ടും ജനിച്ചവർ യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവരും മറ്റു വിശ്വാസികളെ സ്നേഹിക്കുന്നവരും ആയിരിക്കും. ദൈവകല്പനകൾ അനുസരിക്കുന്നത് അവനോടുള്ള സ്നേഹത്തിന്റെ അടയാളം ആകുന്നു (യോഹ. 14:15). ദുരുപദേഷ്ടാക്കന്മാർ ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവരും ദൈവകല്പനകൾ അവഗണിക്കുന്നവരും സഹോദര സ്നേഹം ഇല്ലാത്തവരുമായ അസത്യവാദികൾ ആയിരുന്നു. അവരിൽനിന്നും ദൈവമക്കളെ വേർതിരിച്ചു മനസ്സിലാക്കുവാനാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. അവന്റെ കല്പനകൾ പ്രമാണിക്കുന്നതു ഭാരമുള്ളതല്ല. നിറവേറ്റുവാൻ കഴിയാത്ത കല്പനകൾ കർത്താവ് നൽകിയിട്ടില്ല. കല്പനകളോടുകൂടെ അതു ചെയ്യുവാനുള്ള കഴിവും നൽകുന്നവനാണ് നമ്മുടെ കർത്താവ്. അവന്റെ നുകം മൃദുവും അവന്റെ ചുമട് ലഘുവും ആകുന്നു (മത്താ. 11:30). സ്വയപരിത്യാഗത്തോടുകൂടെ ക്രിസ്തുവിനെ അനുഗമിക്കുന്നവരാണ് അവന്റെ ശിഷ്യന്മാർ (ലൂക്കൊ. 9:23). അപ്പോൾ അവന്റെ കല്പനകൾ അനുസരിക്കുന്നതിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തുവാൻ കഴിയും.

വീണ്ടും ജനിച്ചവർ ലോകത്തെ ജയിക്കുന്നു. ലോകം സാത്താന്റെ സ്വാധീനതയിൽ കഴിയുന്നു. ദൈവത്തോടു മത്സരിക്കുന്ന പ്രവണതയ്ക്ക് അടിമപ്പെട്ട ഒരു ലോകത്തിലാണ് ദൈവമക്കൾ ജീവിക്കുന്നത്. ക്രിസ്തു ലോകത്തെ ജയിച്ചവനാണ് (യോഹ. 16:33). ഒരു പാപി ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷിക്കപ്പെടുമ്പോൾ ലോകത്തെ ജയിക്കുന്നവനാകുന്നു. ക്രിസ്തുവിലുള്ള വിശ്വാസമാണ് അതിനു കാരണം. അവർ ലോകത്തിന്റെ മോഹങ്ങൾ താൽക്കാലിക സുഖം നൽകുന്നതും നാശത്തിലേക്കു നയിക്കുന്നതു മായി കാണുന്നവരാണ്. എന്നാൽ ക്രിസ്തുവിലുള്ള അനുഗ്രഹങ്ങൾ നിത്യമായ സൗഭാഗ്യം നൽകുന്നു എന്നു മനസ്സിലാക്കി അവനിൽ ആശ്രയിച്ചു ജയജീവിതം നയിക്കുന്നു.

ദുരുപദേഷ്ടാക്കളായ നോസ്റ്റിക്കുവാദികൾ ക്രിസ്തുവിന്റെ മനുഷ്യാവതാരം നിഷേധിച്ചിരുന്നു. സിറന്തസ്സിന്റെ പക്ഷക്കാർ യേശുവും ക്രിസ്തുവും രണ്ടാണെന്നു വാദിച്ചു. ഡോസ്റ്റിക്കുവിശ്വാസികൾ യേശുക്രിസ്തുവിന്റെ ശരീരം വെറും മായക്കാഴ്ച മാത്രമായിരുന്നു എന്ന് അഭിപ്രായപ്പെട്ടു. അവർ ലൗകികരും ജഡമോഹങ്ങളിൽ ആനന്ദം കണ്ടെത്തുന്നവരും ആയിരുന്നു. ദൈവമക്കൾ ലോകത്തെ ജയിക്കുന്നു. അതുകൊണ്ടുള്ള ആശയം അവർ ദുരു പദേഷ്ടാക്കന്മാരുടെ വഞ്ചനയിൽ അകപ്പെടാതെ യേശുവിനെ ദൈവപുത്രനായ ക്രിസ്തുവായി വിശ്വസിച്ച് ആത്മീയ ജയജീവിതം നയിക്കുന്നവരാകുന്നു എന്നാണ്.

6 മുതൽ 8 വരെയുള്ള വാക്യങ്ങൾ ഗ്രഹിക്കുവാൻ പ്രയാസമുള്ള വേദ ഭാഗം ആകുന്നു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവർ ക്കുള്ള മറുപടിയാണ് ഇവിടെ കാണുന്നത്. ക്രിസ്തുവിനു യഥാർത്ഥമായ ഒരു ശരീരം ഉണ്ടായിരുന്നു എന്നും ആ ശരീരം മരിക്കുവാൻ പര്യാപ്തമായ രക്തസഹിതമായ ശരീരമായിരുന്നു എന്നും ഇവിടെ സ്ഥാപിക്കുന്നു. ക്രിസ്തു ജലത്താലും രക്തത്താലും വന്നവനാണ്. ജലം ക്രിസ്തുവിന്റെ സ്നാനത്തെയും രക്തം അവന്റെ മരണത്തെയും സൂചിപ്പിക്കുന്നു എന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. യേശുവിൽ സ്നാനഘട്ടത്തിൽ ക്രിസ്തു വന്നു എന്നും ക്രൂശുമരണത്തിനു മുമ്പു ക്രിസ്തു വിട്ടുപോയി എന്നും ദുരുപദേഷ്ടാക്കൾ പഠിപ്പിച്ചിരുന്നു. യോഹന്നാൻ അവരുടെ അഭിപ്രായത്തെ നിഷേധിച്ചുകൊണ്ടു യേശുവിന്റെ മനുഷ്യത്വവും ദൈവത്വവും അവന്റെ മശിഹത്വത്തിന്റെ ഭാഗമാണെന്ന് ഉറപ്പിച്ചു പ്രസ്താവിക്കുന്നു. "അവന്റെ വിലാപ്പുറത്തുനിന്നും വെള്ള വും രക്തവും പുറപ്പെട്ടു" എന്നു കാണുന്നു (യോഹ. 19:34). ശതാധിപൻ യേശു ദൈവപുത്രനാണെന്നുള്ള

സത്യത്തിനു സാക്ഷിയായി (മത്താ. 27:54). ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ അവൻ ദൈവപുത്രനാണെന്നു ശക്തിയോടെ നിർണ്ണയിക്കപ്പെട്ടു (റോമർ 1:5). പിതാവ് ക്രിസ്തുവിന്റെ ദൈവത്വത്തെ ക്കുറിച്ചു സ്നാനസമയ ത്തും, മറുരൂപമലയിലും, ക്രൂശുമരണത്തിനു മുമ്പും സാക്ഷിച്ചിരുന്നു (മത്താ. 3:17; 17:5; യോഹ. 12:28). വചനവും ഈ സത്യം സാക്ഷിക്കുന്നുണ്ട് (യോഹ. 1:14). ക്രിസ്തു ദൈവപുത്രത്വത്തിന്റെ സത്യസാക്ഷിയായതുകൊണ്ടാണ് ക്രൂശിക്കപ്പെട്ടത് (യോഹ. 10:33). യേശു ദൈവപുത്രനാകുന്നു എന്നു പരിശുദ്ധാത്മാവും സാക്ഷി നൽകുന്നു. യേശു വിന്റെ ജനനത്തിലും ജീവിതത്തിലും സ്നാനവേളയിലും ശുശ്രൂഷകളിലും മരണത്തിലും ഉയിർത്തെഴുന്നേല്പിലും അതു കാണാവുന്നതാണ് (മത്താ. 1:18-20; ലൂക്കൊ. 2:52; 2:27-31; യോഹ. 1:33; എബ്രാ. 9:14; റോമർ 1:5). അങ്ങനെ ആത്മാവും രക്തവും ജലവും യേശു പൂർണ്ണമനുഷ്യനും പൂർണ്ണരക്ഷകനും മശിഹയുമാണെന്നുള്ള സത്യം സാക്ഷിച്ചു തെളിയിക്കുന്നു. അതിന് ആമേൻ പറയുന്നവരത്രെ യഥാർത്ഥ ക്രിസ്തുവിശ്വാസികൾ.

പുത്രനെക്കുറിച്ചുള്ള പിതാവിന്റെ സാക്ഷ്യം മറ്റേതു സാക്ഷ്യത്തെക്കാളും പ്രാധാന്യമുള്ളതാകുന്നു. രണ്ടോ മൂന്നോ സാക്ഷികളുടെ വായ്മൊഴിയാൽ കാര്യം ഉറപ്പാക്കണം എന്നുള്ളതു ദൈവകല്പനയാകുന്നു (ആവ. 19:15; മത്താ. 18:16). പിതാവടക്കം ബഹുസാക്ഷ്യം ലഭിച്ച നമ്മുടെ രക്ഷിതാവിനെ എങ്ങനെ നമുക്ക് അംഗീകരിക്കാതിരി ക്കുവാൻ കഴിയും (യോഹ. 8:17,18). കർത്താവ് നമ്മെ സഹായിക്കട്ടെ.

## വിശ്വാസികൾക്കുള്ള ഉറപ്പ് (5:12-17)

യേശു ദൈവപുത്രനായ ക്രിസ്തു എന്നു വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ട്. അവർ പാപക്ഷമ ലഭിച്ച വരും, പരിശുദ്ധാത്മാവുള്ളവരും ആകു ന്നു (റോമർ 8:1,9). നിത്യജീവൻ സൽപ്രവൃത്തികൾമൂലം മരണാനന്തരം ലഭിക്കുന്നതല്ല. അതു വിശ്വസിക്കുന്ന ഏവർക്കും ഇപ്പോൾ ലഭിക്കുന്നു എന്നുള്ള ഉറപ്പ് ഉണ്ടാകുവാനാണ് യോഹ ന്നാൻ തന്റെ ലേഖനം എഴുതിയത്. അറിയണം എന്ന വാക്കിന്റെ ആശയം അതാണ്. അറിവിൽ അഥവാ ജ്ഞാന ത്തിൽ പ്രശംസിച്ചിരുന്ന നോസ്റ്റിക്കുവാദികൾക്ക് ഈ ഉറപ്പ് ഉണ്ടായിരുന്നില്ല.

വിശ്വാസികളുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുന്നു. അത് അവർ ദൈവമക്കളാണെന്നുള്ളതിന്റെ ഉറപ്പാകു ന്നു. നോസ്റ്റിക്കുവാദികൾ പ്രാർത്ഥനയിൽ വിശ്വസിച്ചിരുന്നില്ല. അവർ ദൈവമക്കൾ എന്ന ബോധം ഉള്ളവരല്ല. ക്രിസ്തുമൂലം ദൈവം നമുക്കു പിതാവും നാം അവനു മക്കളും ആയിരിക്കുന്നു. പിതാവിനോടു നമ്മുടെ ആവശ്യ ങ്ങൾ അറിയിക്കുവാൻ പദവി ലഭിച്ചിരി ക്കുന്നു. ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും. അതു കൊണ്ടുള്ള ആശയം ദൈവവചനാനുസരണം പ്രാർത്ഥിക്കണം എന്നാണ്. ദൈവം നമ്മുടെ പ്രാർത്ഥനയ്ക്കു തന്റെ ചെവികളെ തുറന്നിരിക്കുന്നു. ക്രിസ്തുവിന്റെ നാമത്തിൽ നാം പ്രാർത്ഥിക്കണം. ഭയം കൂടാതെ ധൈര്യത്തോടെ അഥവാ പ്രാഗത്ഭ്യത്തോടെ പ്രാർത്ഥിക്കുവാൻ നമുക്കു കഴിയണം. ക്രിസ്തു പിതാവിന്റെ സന്നിധിയിൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു എന്നുള്ള അറിവും വിശ്വാസവും അതിനു ആവശ്യമാകുന്നു. “ദൈവഹിതം അറിയു ന്നതിനും അനുവദനീയമാകുന്നതിനുമുള്ള അപേക്ഷയാണ് പ്രാർ ത്ഥന” എന്ന് ഒരു ഭക്തൻ പറയുന്നു. നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കാ ത്തതിന്റെ കാരണങ്ങൾ പലതാകുന്നു. നാം ദൈവഹിതപ്രകാരം പ്രാർത്ഥിക്കു ന്നില്ല (യാക്കോ. 4:1-3). വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നില്ല (മർക്കൊ. 11:24). അന്യോന്യം ക്ഷമിക്കാതെ പ്രാർത്ഥി ക്കുന്നു (മത്താ. 6:12). പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാതെ പ്രാർത്ഥിക്കുന്നു (സങ്കീ. 66:18). നമ്മുടെ പ്രാർത്ഥ നയിൽ ആത്മീയകാര്യങ്ങൾക്കു പ്രാധാന്യം നൽകണം. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം ബാദ്ധ്യസ്ഥ രാണ്. ആത്മീയജീവിതത്തിലെ ശ്വാസോച്ഛ്വാസമാണ് പ്രാർത്ഥന. പ്രാർത്ഥനാരാഹിത്യം ആത്മീയശക്തിരാഹിത്യവും പ്രയോജനശൂന്യതയും ഉളവാക്കും.

16 ഉം 17 ഉം വാക്യങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമുള്ള ഭാഗമാണ്. മരണത്തിനല്ലാത്ത പാപവും മരണത്തി നുള്ള പാപവുമുണ്ട്. ദൈവമക്കൾ മരണം വിട്ടു ജീവനിൽ കടന്നവരാകുന്നു (3:14). അവർ ഇന്നു പാപമില്ലാത്ത ഒര വസ്ഥ കൈവരിച്ചിട്ടില്ല (1:10). അബദ്ധവശാൽ പാപം ചെയ്യാവുന്ന സ്വഭാവം ഉള്ളവരാണ്. അവർ പശ്ചാത്തപി ക്കയും ഏറ്റുപറകയും ചെയ്യുമ്പോൾ അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടും (1:9). എന്നാൽ പാപം ചെയ്തുകൊണ്ടു ജീവിക്കുന്നതു വിശ്വാസികളുടെ ലക്ഷണമല്ല. ബലഹീനരായ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കണം. പത്രൊസ് കർത്താവിനെ തള്ളിപ്പറഞ്ഞതു ബലഹീനതയിലാണ്. അവനെ യഥാസ്ഥാനപ്പെടുത്തുവാൻ കർത്താവിനു പ്രസാദ മായി.

മരണത്തിനുള്ള പാപം എന്താകുന്നു? അതിനെക്കുറിച്ചു പല അഭിപ്രായങ്ങൾ ഉണ്ട്. അത് വിശ്വാസികൾ അനുതപിക്കാതിരിക്കുമ്പോൾ ഉണ്ടാകുന്ന മരണമാണെന്നു ചിലർ അഭിപ്രായപ്പെടുന്നു (1 കൊരി. 11:30). പരിശു ദ്ധാത്മാവി നെതിരായ ദൂഷണം ദൈവം ക്ഷമിക്കയില്ല എന്നും അതിന്റെ ശിക്ഷ മരണം ആണെന്നും ചിലർ ചിന്തി ക്കുന്നു. അനന്യാസും സഫീരയും ചെയ്ത പാപമാണ് ഇതെന്ന് ചിലർ കരുതുന്നു (പ്രവൃ. 5:1-11). കൊലപാതകം മരണകാരണമായ പാപമായി മറ്റു ചിലർ വ്യാഖ്യാനിക്കുന്നു (ഉല്പ. 9:6). ലേഖനപശ്ചാത്തലത്തിൽ വിശ്വാസത്യാ ഗികൾക്കുണ്ടാകുന്ന ശിക്ഷയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നതെന്നു മനസ്സിലാക്കാം. അവർ വചനം കേട്ടവ രാണ്. ബുദ്ധികൊണ്ടു ക്രിസ്തുവിനെ മനസ്സിലാക്കിയിരുന്നെങ്കിലും ഹൃദയംകൊണ്ടു വിശ്വ സിച്ചിരുന്നില്ല. അവർ സഭയിൽ കടന്നു കൂട്ടായ്മ ആചരിച്ചിരുന്നവരാണ്. നോസ്റ്റിക്കുവാദികളുടെ വഞ്ചനയിൽ അവർ അകപ്പെട്ടതുമൂലം മനഃപൂർവ്വമായി ക്രിസ്തുവിനെ തള്ളിപ്പറയുന്നവരും പാപത്തിൽ സന്തോഷം കണ്ടെത്തുന്നവരും ആയി. അവർ രക്ഷിക്കപ്പെടാത്തവരും ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവരുമാണ്. അവരെ അനുതാപത്തിലേക്കു നയി

ക്കുവാൻ കഴിയാത്തവിധം ഹൃദയം കഠിനപ്പെടുത്തിയിരുന്നു (എബ്രാ. 6:5,6). അതു മരണത്തിനു തുല്യമായ പാപം ആകുന്നു. അതിനു ദൃഷ്ടാന്തമാണ് യൂദാ ഇസ്കര്യോത്താവിന്റെ പാപം (യോഹ. 13:26,27). അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു ദൈവഹിതമല്ല. ദുരുപദേഷ്ടാക്കന്മാരുടെ വഞ്ചനയിൽ അകപ്പെടാതിരിക്കുവാൻ നമുക്ക് ഇടയാകട്ടെ.

**ഉപസംഹാരം (5:18–21)**

വീണ്ടും ജനിച്ചവർ പാപജീവിതം നയിക്കുകയില്ല. കാരണം അവർ ദൈവത്തിൽനിന്നും ജനിച്ചവർ ആകുന്നു. വിശ്വാസികൾ ക്രിസ്തുവിനാൽ സംരക്ഷിക്കപ്പെടുന്നവരാണ്. അവർ തന്നെത്താൻ സൂക്ഷിക്കാൻ കഴിവുള്ളവരല്ല. എന്നാൽ അവർ പാപത്തോടുള്ള ബന്ധത്തിൽ ജാഗ്രതയുള്ളവരും പിശാചിനോട് എതിർത്തുനിൽക്കുവാൻ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുന്നവരും ആകണം (എഫെ. 6:10,11). അവർ ദൈവത്തിനുള്ളവരാകയാൽ അവരെ പരിപാലിക്കുവാൻ കർത്താവ് വിശ്വസ്തനും മതിയായവനും ആകുന്നു (യോഹ. 10:28; 17:15; ഫിലി. 1:4). വിശ്വാസികൾ ദൈവത്തിനുള്ളവരാണെന്ന് അറിയുന്നു. ലോകത്തിൽ രണ്ടുതരം ആളുകൾ മാത്രമാണ് ഉള്ളത്. ഒന്ന് ദൈവത്തിൽനിന്നുള്ളവർ (4:4). രണ്ടാമത്തെ കൂട്ടർ ദൈവത്തിന് അല്ലാത്തവർ. അവർ പിശാചിന്റെ അധീനതയിൽ കഴിയുന്നു. ക്രിസ്തു വന്നതു സത്യദൈവത്തെ ക്കുറിച്ച് നമുക്ക് അറിവു നൽകുവാനായിരുന്നു. ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടില്ല എന്നു വിശ്വസിക്കുന്ന ദുരുപദേഷ്ടാക്കൾക്കു ദൈവത്തെ അറിയുവാൻ കഴിയുന്നതല്ല. ക്രിസ്തുവിനെ കൂടാതെ ദൈവത്തെ അറിയുവാൻ കഴിയുന്നതല്ല (യോഹ. 17:3). ദൈവം സത്യവാനാണ്. അവനിൽ ഭോഷ്ക്കില്ല. അവന്റെ അരുളപ്പാടായ ബൈബിൾ സത്യമാകുന്നു (യോഹ. 17:17). ദൈവത്തെ അറിയുവാൻ ക്രിസ്തു നമുക്കു വിവേകം തന്നു. ക്രിസ്തു സത്യദൈവവും നിത്യജീവനുമാണെന്നു യോഹന്നാൻ അർത്ഥശങ്കയ്ക്കിടയില്ലാതവണ്ണം പ്രസ്താവിക്കുന്നു. അവൻ ജീവന്റെ ഉറവിടവും ജീവദാതാവുമത്രെ (പ്രവൃ. 3:14). ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുന്നവർക്കുള്ള മറുപടിയാണ് ഇവിടെ കാണുന്നത്.

21–ാം വാക്യം പിതൃസഹജമായ സംബോധനയോടെ ആരംഭിക്കുന്നു. ദൈവമക്കൾ വിഗ്രഹങ്ങളോട് അകന്നിരിക്കണം. ക്രിസ്തു സത്യദൈവത്തെ വെളിപ്പെടുത്തി. മറ്റുള്ള ദൈവങ്ങൾ വ്യാജദൈവങ്ങളാണെന്നു മനസ്സിലാക്കി അവയെ ഒഴിഞ്ഞിരിക്കണം. സത്യദൈവത്തെ അറിയുവാൻ ക്രിസ്തുവിനെ അറിയണം. അപ്പോൾ ദുരുപദേഷ്ടാക്കളുടെ വഞ്ചനയിൽ നാം വീഴുകയില്ല. ബൈബിൾ വെളിപ്പെടുത്തുന്ന ക്രിസ്തുവിനു വിരുദ്ധമായ സകല ഉപദേശങ്ങളും വിഗ്രഹാരാധനയ്ക്കു സമമാകുന്നു. അത് ഒഴിഞ്ഞിരിക്കുവാൻ ആഹ്വാനം നൽകിക്കൊണ്ടു യോഹന്നാൻ ലേഖനം ഉപസംഹരിക്കുന്നു. കർത്താവിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ!

* * *